## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1660** **14.07.2016-ൽ മറുപടിയ്ക്ക്**

## ഏറനാട് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. കെ. ബഷീർ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഗാർഹിക വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ഏതെല്ലാം കേന്ദ്ര-സംസ്ഥാന പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീനദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന പ്രകാരം ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനും, അനുബന്ധ പ്രവൃത്തികൾക്കുമായി 482.96 കോടി രൂപയുടെ പദ്ധതിയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്.<br>ഇതുവരെ വൈദ്യുതീകരിച്ചിട്ടില്ലാത്ത എല്ലാ വീടുകളിലും വൈദ്യുത കണക്ഷൻ നൽകാനുള്ള ഒരു പദ്ധതി ഇപ്പോൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വരുന്നു. കൂടാതെ വൈദ്യുതി ലൈനുകൾ നീട്ടാനാവാത്ത വിദൂര ഗ്രാമങ്ങളിലും, കോളനികളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതിയും (RGGVY-DDG) നിലവിലുണ്ട്. |
| (ബി) | ആദിവാസി കോളനികളുടെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രത്യേക പദ്ധതികൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ലൈൻ നീട്ടൽ പ്രായോഗികമല്ലാത്ത ആദിവാസി കോളനികളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച RGGVY പദ്ധതിയുടെ ഭാഗമായ DDG (Decentralized Distributed Generation) പദ്ധതിയിലുൾപ്പെടുത്തിയും, പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചും ആദിവാസി കോളനികളുടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

(സി) ഏറനാട് മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രദേശമായി പ്രഖ്യാപിക്കുന്നതിന് ഇനിയും ഏതെല്ലാം പ്രദേശങ്ങൾ വൈദ്യുതീ കരിക്കേണ്ടതായിട്ടുണ്ട്; വിശദാംശം നൽകാമോ;

(ഡി) ആദിവാസി കോളനികൾ ഉൾപ്പെടെയുള്ള പ്രസ്തുത പ്രദേശങ്ങൾ അടിയന്തരമായി വൈദ്യുതീക രിക്കുന്നതിന് നടപടി സ്വീകരി ക്കാമോ?

(സി) & (ഡി) ഏറനാട് മണ്ഡലത്തിലെ വെറ്റിലക്കൊള്ളി കോളനി ഒഴികെ മറ്റെല്ലാ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. വെറ്റിലക്കൊള്ളി കോളനിയെ ഇപ്പോഴുള്ള സ്ഥലത്ത് തന്നെ നിലനിർത്തുന്നതിനുള്ള തീരുമാനം ഐ.ടി.ഡി.പി. കൈക്കൊള്ളാത്തത് കാരണം പ്രസ്തുത കോളനിയുടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

Hemalatha

**സെക്ഷൻ ഓഫീസർ.**